## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3582 — 23.06.2014 ൽ മറുപടിയ്ക്ക്

### കസ്തൂരിരംഗൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിലെ ഭേദഗതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | കസ്തൂരിരംഗൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഭേദഗതി ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചതെപ്പോഴാണ്; എന്തെല്ലാം ഭേദഗതികളാണ് ആവശ്യപ്പെട്ടിരുന്നത്; | (എ) പ്രൊഫ.ഉമ്മൻ.വി.ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ട് മുഖ്യമന്ത്രി നേരിട്ടു കേന്ദ്ര പരിസ്ഥിതി വകുപ്പിന് കൊടുത്തിട്ടുണ്ട്. കൂടാതെ കത്തുകളും കേരളത്തിന്റെ നിർദ്ദേശങ്ങളും (Response) അയച്ചു കൊടുത്തിട്ടുണ്ട്. അന്യ സംസ്ഥാനങ്ങൾക്കു നല്കിയ പരിഗണന പരിസ്ഥിതിലോല പ്രദേശങ്ങളുടെ കാര്യത്തിൽ കേരളത്തിനു കിട്ടിയിട്ടില്ല എന്നതും മറ്റും കണക്കിലെടുത്ത് ജനാധിവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ പൂർണ്ണമായി ESA യിൽ നിന്നൊഴിവാക്കണം, കസ്തൂരിരം ഗൻ സമിതിയുടെ ശുപാർശകൾ പഠിച്ച വിദഗ്ധ സമിതിയുടെ (ഉമ്മൻ.വി.ഉമ്മൻ കമ്മിറ്റി) നിർദ്ദേശങ്ങൾ അംഗീകരിക്കണം, റെഡ് കാറ്റഗറി വ്യവസായങ്ങൾക്കു നിരോധനം ഏർപ്പെടുത്തിയതിൽ ആശുപത്രികൾ, പശുവളർത്തൽ കേന്ദ്രങ്ങൾ മുതലായവയെ ഒഴിവാക്കണം എന്നീ കാര്യങ്ങളാണ് പ്രധാനമായും നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | കേരളത്തിന്റെ അപേക്ഷ പരിഗണിച്ച് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോടെ പുറത്തിറക്കിയ കരടു വിജ്ഞാപനത്തിന്റെ ഉള്ളടക്കം വിശദീകരിക്കുമോ; പകർപ്പ് ലഭ്യമാക്കുമോ; | (ബി) 2014 മാർച്ച് 10 ന് പുറത്തിറക്കിയ കരട് വിജ്ഞാപനത്തിൽ കേരളവുമായി ബന്ധപ്പെട്ട പ്രസക്തമായ ഭാഗം ചുവടെ ചേർക്കുന്നു.<br>" കേരള സർക്കാർ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നേരി |

| | | | |
|---|---|---|---|
| | | | ട്ടുള്ള പരിശോധനയിലൂടെ (Physical verification) 123 വില്ലേജുകളിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും കൃഷിത്തോട്ടങ്ങളെയും, പ്ലാന്റേഷനുകളെയും വ്യക്തമായി രേഖപ്പെടുത്തുന്നതിനുള്ള പഞ്ചായത്തുതല കമ്മിറ്റിക്ക് രൂപം നൽകുകയും, ആകെ 9993.7 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശമായി കണ്ടെത്തുകയും ചെയ്തു. അതേ സമയം കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഇത് 13108 ചതുരശ്ര കിലോമീറ്റർ ആണ്". കരട് വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | കരടു വിജ്ഞാപനത്തിൻ മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായ നിർദ്ദേശങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. 17.02.2014 ലെ കത്തു മുഖേന സംസ്ഥാനത്തിന്റെ അഭിപ്രായ നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്താണെന്നു വ്യക്തമാക്കുമോ; | (ഡി) | വാസസ്ഥലങ്ങൾ, കൃഷി ഭൂമികൾ, തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവയെ പൂർണ്ണമായും ESA പരിധിയിൽ നിന്നും ഒഴിവാക്കണം. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ചുവപ്പു കാറ്റഗറി വ്യവസായ വിഭാഗത്തിൽ നിന്നും ആശുപത്രികൾ, ഡയറിഫാം എന്നിവ ഒഴിവാക്കണം. |
| (ഇ) | ഇതു സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് അയച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | കസ്തൂരിരംഗൻ സമിതി ശുപാർശകളിന്മേൽ സംസ്ഥാന സർക്കാർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ